PROVISIONAL ANSWER KEY

Question Paper Code:	178/2026/OL
Category Code:	880/2025
Exam:	Photographer- By Transfer Recruitment
Date of Test	12-11-2026
Department	Information And Public Relations
Language:	Malayalam

Question1:-ഇന്ത്യയിൽ ബ്രിട്ടീഷുകാർക്ക് എതിരെ നടന്ന ആദ്യത്തെ സൈനിക കലാപം ഏത്?

A:-കുറിച്യ കലാപം

B:-ബംഗാൾ കലാപം

C:-ആറ്റിങ്ങൽ കലാപം

D:-വെല്ലൂർ കലാപം

Correct Answer:- Option-D

Question2:-ബിർസ മുണ്ടയെ കേന്ദ്രകഥാപാത്രമാക്കി മഹാശ്വേത ദേവി രചിച്ച കൃതി

A:-ആരണ്യർ അധികാരി

B:-കാവലാൾ

C:-നീൽദർപ്പൺ

D:-കുന്തി ഓ നിഷാദി

Correct Answer:- Option-A

Question3:-സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 'മുക്തിമിഷൻ' എന്ന പദ്ധതി ആരംഭിച്ചത് ആര്?

A:-സ്വാമി ദയാനന്ദ സരസ്വതി

B:-പണ്ഡിത രമാബായി

C:-ആനീബസന്റ്

D:-മീരബായി

Correct Answer:- Option-B

Question4:-'കല്ലുമാല' സമരത്തിന് നേതൃത്വം നൽകിയത് ആര്?

A:-വാഗ്ഭടാനന്ദൻ

B:-ശ്രീനാരായണ ഗുരു

C:-പണ്ഡിറ്റ് കറുപ്പൻ

D:-അയ്യൻകാളി

Correct Answer:- Option-D

Question5:-2026ലെ 72ആമത് നെഹ്റു ട്രോഫി വള്ളംകളി ജേതാക്കൾ

A:-ആരോമ ചുണ്ടൻ

B:-പായിപ്പാടൻ ചുണ്ടൻ

C:-കാരിച്ചാൽ ചുണ്ടൻ

D:-ആലപ്പാടൻ ചുണ്ടൻ

Correct Answer:- Option-A

Question6:-ആൻറമാൻ ദ്വീപുകളെ നിക്കോബാറിൽ നിന്നും വേർതിരിക്കുന്നത് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

A:-11° ചാനൽ

B:-10° ചാനൽ

C:-മന്നാർ ഉൾക്കടൽ

D:-കോറമാണ്ടൽ തീരം

Correct Answer:- Option-B

Question7:-രാമേശ്വരം-കന്യാകുമാരി ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബയോസ്ഫിയർ റിസർവ് ഏതാണ്?

A:-പന്ന

B:-മനസ്

C:-ഗൾഫ് ഓഫ് മന്നാർ

D:-നീലഗിരി

Correct Answer:- Option-C

Question8:-വീട് നിർമ്മാണത്തിനു ഇഷ്ടികയായി ഉപയോഗിക്കാൻ കഴിയുന്ന മണ്ണിനം ഏതാണ്?

A:-ചുവന്ന മണ്ണ്

B:-കറുത്ത മണ്ണ്

C:-ലാറ്ററൈറ്റ്

D:-എക്കൽ മണ്ണ്

Correct Answer:- Option-C

Question9:-ഏത് നദി തീരത്താണ് ആലുവപട്ടണം സ്ഥിതി ചെയ്യുന്നത്?

A:-പെരിയാർ

B:-ഭാരതപ്പുഴ

C:-കരമനയാർ

D:-ഭവാനി

Correct Answer:- Option-A

Question10:-ഹോർമൂസ് കടലിടുക്ക് പെർഷ്യൻ ഉൾക്കടലിനെ ഏത് കടലിടുക്കുമായി ബന്ധിപ്പിക്കുന്നു?

A:-റെഡ് സീ

B:-കാസ്പിയൻ കടൽ

C:-ബംഗാൾ ഉൾക്കടൽ

D:-ഒമാൻ ഉൾക്കടൽ

Correct Answer:- Option-D

Question11:-താഴെ പറയുന്നവയിൽ ഹരിത വിപ്ലവത്തിൻറെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് ഏത്?
(i) രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം
(ii) കൈവശം വെക്കാവുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിക്കൽ
(iii) അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം

A:-(i) മാത്രം

B:-(ii)ഉം (iii)ഉം

C:-(ii) മാത്രം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-C

Question12:-താഴെ പറയുന്നവയിൽ നവസാമ്പത്തിക പരിഷ്കാരങ്ങളിലേയ്ക്ക് നയിച്ച ഘടകങ്ങൾ ഏതെല്ലാം?
(i) കാര്യക്ഷമതയില്ലാത്ത ഭരണസംവിധാനം
(ii) ഗൾഫ് യുദ്ധം
(iii) വർദ്ധിച്ച കയറ്റുമതി

A:-(i), (ii) മാത്രം

B:-(i), (iii) മാത്രം

C:-(ii), (iii) മാത്രം

D:-(i), (ii), (iii) എന്നിവ

Correct Answer:- Option-A

Question13:-ഇന്ത്യൻ ആസൂത്രണ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?
(i) ഇന്ത്യൻ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നത് 1950ലാണ്.
(ii) ആസൂത്രണ കമ്മീഷൻറെ അധ്യക്ഷൻ പ്രധാനമന്ത്രി ആയിരുന്നു.
(iii) ഇന്ത്യൻ ആസൂത്രണത്തിൻറെ ശില്പി ജവഹർ ലാൽ നെഹ്രു ആയിരുന്നു.

A:-(i), (ii) മാത്രം

B:-(ii), (iii) മാത്രം

C:-(i), (iii) മാത്രം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-A

Question14:-1991ലെ നവ സാമ്പത്തിക പരിഷ്കാരവുമായി ബന്ധപ്പെട്ട് നടന്ന ധനകാര്യ മേഖലാ പരിഷ്കാരങ്ങളിൽ പെടാത്തത് ഏത്?
(i) ധനകാര്യ മേഖലയിൽ RBIയുടെ നിയന്ത്രണം വർധിപ്പിച്ചു.
(ii) സ്വകാര്യ ബാങ്കുകൾക്ക് അനുമതി നൽകി.
(iii) ബാങ്ക് ബ്രാഞ്ചുകൾ തുടങ്ങാനുള്ള അനുമതി നൽകി.

A:-(i), (iii) മാത്രം

B:-(i) മാത്രം

C:-(ii) മാത്രം

D:-(iii) മാത്രം

Correct Answer:- Option-B

Question15:-നിലവിൽ നീതി ആയോഗിൻറെ CEO താഴെ പറയുന്നവരിൽ ആരാണ്?

A:-ശ്രീ. അമിതാഭ് കാന്ത്

B:-ശ്രീ. ബി.വി.ആർ. സുബ്രഹ്മണ്യം

C:-ശ്രീ. അനുരാഗ് ജെയിൻ

D:-ശ്രീ. പരമേശ്വരൻ അയ്യർ

Correct Answer:- Option-C

Question16:-ഭരണഘടനയുടെ 'ഹൃദയവും ആത്മാവും എന്ന്' ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ച അവകാശം ഏത്?

A:-സമത്വത്തിനുള്ള അവകാശം

B:-സ്വാതന്ത്ര്യത്തിനുള്ള അവകാശം

C:-ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം

D:-മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

Correct Answer:- Option-C

Question17:-നീതി ആയോഗിൻറെ പഴയ പേര് ഏതാണ്?

A:-ധനകാര്യ കമ്മിഷൻ

B:-ആസൂത്രണ കമ്മിഷൻ

C:-തിരഞ്ഞെടുപ്പ് കമ്മീഷൻ

D:-ധനകാര്യമന്ത്രാലയം

Correct Answer:- Option-B

Question18:-ലോക്സഭയുടെ അധ്യക്ഷൻ ആര്?

A:-രാഷ്ട്രപതി

B:-സ്പീക്കർ

C:-പ്രധാനമന്ത്രി

D:-ഗവർണർ

Correct Answer:- Option-B

Question19:-തിരഞ്ഞെടുപ്പ് കമ്മിഷനെ സംബന്ധിച്ച് ശരിയായവ ഏവ?
(i) തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടം വഹിക്കുന്നു.
(ii) Article 324ൽ ഇതിനെ കുറിച്ച് പ്രതിപാദിക്കുന്നു.
(iii) Article 51Aയിലാണ് ഇതിനെ കുറിച്ച് പറയുന്നത്.

A:-(i), (ii) എന്നിവ ശരി

B:-(i), (iii) എന്നിവ ശരി

C:-(ii), (iii) എന്നിവ ശരി

D:-(i), (ii), (iii) എല്ലാം ശരി

Correct Answer:- Option-A

Question20:-പഞ്ചായത്തുകളുടെ ധനസ്ഥിതി അവലോകനം ചെയ്യുക എന്ന ഉത്തരവാദിത്വം നിഷിപ്തമായ സംസ്ഥാന ധനകാര്യ കമ്മീഷനെ കുറിച്ച് ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് പരാമർശിക്കുന്നത്?

A:-അനുച്ഛേദം 243-I

B:-അനുച്ഛേദം 243-M

C:-അനുച്ഛേദം 243-J

D:-അനുച്ഛേദം 243-N

Correct Answer:- Option-A

Question21:-കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ ആര്?

A:-ധനമന്ത്രി

B:-ഗവർണർ

C:-മുഖ്യമന്ത്രി

D:-റവന്യുമന്ത്രി

Correct Answer:- Option-C

Question22:-താഴെ പറയുന്നവയിൽ ആരെല്ലാമാണ് കേരള സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ പദം അലങ്കരിച്ചവർ
(i) ഇ.എം.എസ്. നമ്പൂതിരിപ്പാട്
(ii) എം.കെ. വെള്ളോടി
(iii) ഇ.കെ. നായനാർ
(iv) വി.എസ്. അച്യുതാനന്ദൻ

A:-(i)ഉം (ii)ഉം

B:-(i)ഉം (iii)ഉം (iv)ഉം

C:-(i)ഉം (iii)ഉം

D:-(i)ഉം (ii)ഉം (iii)ഉം (iv)ഉം

Correct Answer:- Option-D

Question23:-താഴെ പറയുന്നവയിൽ കേരളത്തിലെ റാംസർ പട്ടികയിൽ ഉൾപ്പെടാത്തത് ഏത്?

A:-വേമ്പനാട് കായൽ

B:-അഷ്ടമുടിക്കായൽ

C:-ശാസ്താംകോട്ട കായൽ

D:-ചേറ്റുവ കായൽ

Correct Answer:- Option-D

Question24:-താഴെ പറയുന്നവയിൽ ജീവകം എ (Vitamin A) യുടെ രാസനാമം ഏതാണ്?

A:-കാൽസിഫെറോൾ

B:-ടോക്കോഫെറോൾ

C:-റെറ്റിനോൾ

D:-റൈബോഫ്ലേവിൻ

Correct Answer:- Option-C

Question25:-'ജൈവഘടികാരം' എന്നറിയപ്പെടുന്ന മനുഷ്യ ശരീരത്തിലെ ഗ്രന്ഥി

A:-പീനിയൽ ഗ്രന്ഥി

B:-ആഗ്നേയ ഗ്രന്ഥി

C:-തൈമസ് ഗ്രന്ഥി

D:-തൈറോയിഡ് ഗ്രന്ഥി

Correct Answer:- Option-A

Question26:-താഴെ പറയുന്നവയിൽ വൈറസ് മൂലമുണ്ടാകുന്ന രോഗമല്ലാത്തതേത്?

A:-ഡെങ്കുപനി

B:-ജലദോഷം

C:-കോളറ

D:-ചിക്കൻഗുനിയ

Correct Answer:- Option-C

Question27:-CFC (ക്ലോറോ ഫ്ലൂറോ കാർബൺ)-ൻറെ പ്രധാന ദോഷം താഴെ പറയുന്നവയിൽ ഏതാണ്?

A:-ആഗോളതാപനം മാത്രം

B:-വായുമലിനീകരണം

C:-ജലമലിനീകരണം

D:-ഓസോൺപാളിയുടെ ശോഷണം

Correct Answer:- Option-D

Question28:-എബോള രോഗം പകരുന്നത് പ്രധാനമായും

A:-ഭക്ഷണത്തിലൂടെ മാത്രം

B:-രോഗബാധിതരുടെ ശരീരസ്രവങ്ങളുമായുള്ള സമ്പർക്കം വഴി

C:-വായുവിലൂടെ

D:-വെള്ളത്തിലൂടെ മാത്രം

Correct Answer:- Option-B

Question29:-മരീചിക (Mirage) രൂപപ്പെടുന്നതിന് കാരണമാകുന്ന പ്രകാശത്തിൻറെ പ്രതിഭാസം ഏതാണ്?

A:-വിസരണം

B:-അപവർത്തനം

C:-വ്യതികരണം

D:-പൂർണ്ണാന്തര പ്രതിഫലനം

Correct Answer:- Option-D

Question30:-ഒരേ ബലം രണ്ട് വ്യത്യസ്ത പിണ്ഡങ്ങളുള്ള വസ്തുക്കളിൽ പ്രയോഗിക്കുന്നു. അങ്ങനെയെങ്കിൽ കുറഞ്ഞ പിണ്ഡമുള്ള വസ്തുവിന്

A:-കൂടുതൽ ത്വരണം

B:-കുറഞ്ഞ ത്വരണം

C:-ഒരേ ത്വരണം

D:-ത്വരണം പൂജ്യം

Correct Answer:- Option-A

Question31:-ഒരു കോൺവെക്സ് ലെൻസിൻറെ പകുതിഭാഗം മറച്ചാൽ പ്രതിബിംബത്തിൻറെ സ്വഭാവത്തിൽ ഉണ്ടാകുന്ന വ്യത്യാസമെന്താണ്?

A:-പ്രതിബിംബത്തിൻറെ പകുതി മാത്രം ലഭിക്കും

B:-പ്രതിബിംബം പൂർണമായി അപ്രത്യക്ഷമാകും

C:-പൂർണ പ്രതിബിംബം ലഭിക്കും എന്നാൽ തീവ്രത കുറയും

D:-പ്രതിബിംബത്തിൻറെ വലുപ്പം പകുതിയാകും

Correct Answer:- Option-C

Question32:-2026-ൽ NASAയുടെ (Artemis) ആർട്ടെമിസ് പദ്ധതിയുടെ പ്രധാന ലക്ഷ്യം ഏതാണ്?

A:-ചൊവ്വയിൽ മനുഷ്യനെ എത്തിക്കുക

B:-മനുഷ്യരെ വീണ്ടും ചന്ദ്രനിൽ എത്തിക്കുക

C:-ശുക്രനിലേക്ക് ഉപഗ്രഹം അയയ്ക്കുക

D:-സൂര്യനെപ്പറ്റി പഠിക്കുക

Correct Answer:- Option-B

Question33:-മർദം കൂടുമ്പോൾ വ്യാപ്തം കുറയുന്നു. ഈ പ്രസ്താവന ഏത് നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-ഐഡിയൽ വാതക നിയമം

B:-ബോയിൽസ് നിയമം

C:-അവഗാഡ്രോ നിയമം

D:-ചാൾസ് നിയമം

Correct Answer:- Option-B

Question34:-സ്റ്റീൽ എന്നത് ഏതൊക്കെ മൂലകങ്ങളുടെ മിശ്രിതം ആണ്?

A:-അയൺ ആൻഡ് കാർബൺ

B:-അയൺ ആൻഡ് കോപ്പർ

C:-അയൺ ആൻഡ് ഓക്സിജൻ

D:-അയൺ ആൻഡ് സിൽവർ

Correct Answer:- Option-A

Question35:-മൂലകങ്ങളുടെ ആവർത്തനപ്പട്ടികയിൽ സിങ്ക് (Zinc) ഏത് ഗണത്തിൽ പെടുന്നു?

A:-p-ബ്ലോക്ക്

B:-f-ബ്ലോക്ക്

C:-s-ബ്ലോക്ക്

D:-d-ബ്ലോക്ക്

Correct Answer:- Option-D

Question36:-2026-ലെ ഏഷ്യൻ ഗെയിംസ് നടക്കുന്ന രാജ്യം ഏത്?

A:-ചൈന

B:-സൗത്ത് കൊറിയ

C:-ജപ്പാൻ

D:-തായ്ലൻറ്

Correct Answer:- Option-C

Question37:-കഥകളിനടന്മാർ മുദ്രാഭിനയത്തിന് അവലംബമാക്കുന്ന നാട്യശാസ്ത്ര ഗ്രന്ഥം താഴെ പറയുന്നവയിൽ ഏതാണ്?

A:-ഹസ്തലക്ഷണ ദീപിക

B:-ലീലാതിലകം

C:-കേരള പാണിനീയം

D:-ഭാഷാഭൂഷണം

Correct Answer:- Option-A

Question38:-താഴെ തന്നിരിക്കുന്ന കൃതികളിൽ എസ്.കെ. പൊറ്റക്കാട് രചിച്ച യാത്രാവിവരണങ്ങൾ ഏതെല്ലാമാണ്?
1. നൈൽ ഡയറി
2. ബാലിദ്വീപ്
3. കാപ്പിരികളുടെ നാട്ടിൽ
4. ബിലാത്തി വിശേഷം

A:-1, 4 ശരി

B:-1, 3, 4 ശരി

C:-1, 2, 3 ശരി

D:-2, 3, 4 ശരി

Correct Answer:- Option-C

Question39:-2026ൽ പ്രഖ്യാപിച്ച 72ആമത് ദേശീയ ചലച്ചിത്ര അവാർഡിൽ മികച്ച നടനുള്ള ദേശീയ പുരസ്കാരം ലഭിച്ച നടനാര്?

A:-ഷാറൂഖ് ഖാൻ

B:-നസ്റുദ്ദീൻ ഷാ

C:-മോഹൻലാൽ

D:-മമ്മൂട്ടി

Correct Answer:- Option-D

Question40:-'സദാരാമ' എന്ന സംഗീത നാടകം രചിച്ച സാഹിത്യകാരനാര്?

A:-സി.വി. രാമൻപിള്ള

B:-എൻ. കൃഷ്ണപിള്ള

C:-സി.എൻ. ശ്രീകണ്ഠൻ നായർ

D:-കെ.സി. കേശവപിള്ള

Correct Answer:- Option-D

Question41:-2026 ഏഷ്യൻ ഗെയിംസിലെ വനിതകളുടെ 49 കിലോഗ്രാം വെയ്റ്റ് ലിഫ്റ്റിങ്ങിൽ വെള്ളിമെഡൽ നേടിയ ഇന്ത്യൻ വനിതയാര്?

A:-ഈഷാ സിങ്ങ്

B:-മീരാബായ് ചാനു

C:-ഹർജീന്ദർ കൗർ

D:-ആൻസി സോജൻ

Correct Answer:- Option-B

Question42:-ഒരു കമ്പ്യൂട്ടർ നെറ്റ്വർക്കിൽ ഒന്നിലധികം ഉപകരണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയും എല്ലാ ഉപകരണങ്ങളിലേക്കും ഡാറ്റ അയയ്ക്കുകയും ചെയ്യുന്ന ഉപകരണം ഏത്?

A:-റൂട്ടർ

B:-സ്വിച്ച്

C:-ഹബ്

D:-മോഡം

Correct Answer:- Option-C

Question43:-ഇ-മെയിൽ വികസിപ്പിച്ചത് ആര്?

A:-ബിൽ ഗേറ്റ്സ്

B:-റേ ടോംലിൻസൺ

C:-ടിം ബെർണേഴ്സ്-ലീ

D:-സ്റ്റീവ് ജോബ്സ്

Correct Answer:- Option-B

Question44:-ഇൻറർനെറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരങ്ങൾ/സാമഗ്രികൾ പകർത്തി, ശരിയായ ഉറവിട പരാമർശം നൽകാതെ അത് സ്വന്തം സൃഷ്ടിയായി അവതരിപ്പിക്കുന്നതിനെ എന്താണ് വിളിക്കുന്നത്?

A:-ഇൻറർനെറ്റ് പ്ലാജിയറിസം

B:-ഹാക്കിംഗ്

C:-ഫിഷിംഗ്

D:-സ്പാമിംഗ്

Correct Answer:- Option-A

Question45:-ഉബുണ്ടു 26.04 എൽ.ടി.എസ്-ൻറെ കോഡ് നാമം എന്താണ്?

A:-നോബിൾ നമ്പാറ്റ്

B:-ജാമി ജെല്ലിഫിഷ്

C:-റെസല്യൂട്ട് റാക്കൂൺ

D:-ക്വസ്റ്റിംഗ് ക്വോക്കാ

Correct Answer:- Option-C

Question46:-താഴെ പറയുന്ന പ്രസ്താവനകളിൽ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012 (പോക്സോ ആക്ട് 2012) ആയി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?
(1) പോക്സോ നിയമപ്രകാരം കുട്ടി എന്നത് 16 വയസ്സിൽ താഴെ ഉള്ളവർ ആണ്.
(2) പോക്സോ നിയമത്തിൽ ആൺകുട്ടി എന്നോ പെൺകുട്ടി എന്നോ വ്യത്യാസം ഇല്ല.
(3) പോക്സോ നിയമപ്രകാരമുള്ള കേസുകൾ തീർപ്പാക്കുന്നതിനായി പ്രത്യേകം കോടതികൾ രൂപീകരിച്ചിട്ടുണ്ട്.

A:-(1), (2)

B:-(2), (3)

C:-(1), (3)

D:-(1), (2), (3)

Correct Answer:- Option-B

Question47:-കേരള ഹൈക്കോടതിയുടെ നിലവിലെ ചീഫ് ജസ്റ്റിസ് ആരാണ്?

A:-ജസ്റ്റിസ് സൗമെൻ സെൻ

B:-ജസ്റ്റിസ് നിതിൻ ജാംദർ

C:-ജസ്റ്റിസ് സൂര്യകാന്ത്

D:-ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

Correct Answer:- Option-A

Question48:-ഉപഭോക്താവിനെ തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പരസ്യങ്ങളിലൂടെ കബളിപ്പിക്കുന്നത് തടയുന്ന ഉപഭോക്തൃ സംരക്ഷണ നിയമം, 2019 വകുപ്പ് ഏത്?

A:-വകുപ്പ് 78

B:-വകുപ്പ് 79

C:-വകുപ്പ് 88

D:-വകുപ്പ് 89

Correct Answer:- Option-D

Question49:-വയോജന സംരക്ഷണ നിയമം 2007, പ്രകാരം മുതിർന്ന പൗരന്മാർക്ക് സംരക്ഷണം നൽകുവാൻ ബാധ്യസ്ഥർ ആര്?

A:-പോലീസ് വകുപ്പ്

B:-പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികൃതർ

C:-മക്കളോ അല്ലെങ്കിൽ നിയമപരമായ അവകാശികളോ

D:-ജില്ലാ കളക്ടർ

Correct Answer:- Option-C

Question50:-ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളുടെ സംരക്ഷണ നിയമം, 2005 പ്രകാരം സംരക്ഷണ ഉത്തരവ് ലംഘിച്ചാൽ ലഭിക്കുന്ന പരമാവധി ശിക്ഷ എന്താണ്?

A:-1 വർഷം തടവോ 20,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും

B:-6 മാസം തടവോ 10,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും

C:-3 മാസം തടവോ 5,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും

D:-1 മാസം തടവ്

Correct Answer:- Option-A

Question51:-ഒരു ക്ലാസിലെ 32 കുട്ടികളുടെ ശരാശരി വയസ് 11 ആണ്. ടീച്ചറെയും കൂടിചേർത്തപ്പോൾ ശരാശരി വയസ് 12 ആയി. ടീച്ചറുടെ വയസ് എത്രയാണ്?

A:-50

B:-44

C:-43

D:-45

Correct Answer:- Option-B

Question52:-മൂന്ന് ലിറ്റർ പാൽ, നാലു പേർക്ക് തുല്യമായി വീതിച്ചാൽ ഒരാൾക്ക് എത്ര ലിറ്റർ പാൽ കിട്ടും?

A:-3/4

B:-1/4

C:-4/3

D:-2/4

Correct Answer:- Option-A

Question53:-ഒരു മരകട്ടയ്ക്ക് 8 cm നീളവും 6 cm വീതിയുമുണ്ട്. ഇതിൻറെ വ്യാപ്തം 240 ഘനസെൻറീമീറ്റർ, എന്നാൽ ഉയരം എത്രയാണ്?

A:-6 cm

B:-8 cm

C:-5 cm

D:-7.5 cm

Correct Answer:- Option-C

Question54:-ഒരു ക്ലോക്കിൽ സമയം 2 മണി എന്ന് കാണിക്കുന്നു. എങ്കിൽ മണിക്കുർ സൂചിയ്ക്കും മിനിറ്റ് സൂചിയ്ക്കും ഇടയിലുള്ള കോൺ അളവ് എത്ര?

A:-10°

B:-30°

C:-45°

D:-60°

Correct Answer:- Option-D

Question55:-വിട്ടുപോയ സംഖ്യ പൂരിപ്പിക്കുക
2, 3, 5, ___, 11

A:-6

B:-7

C:-8

D:-10

Correct Answer:- Option-B

Question56:-1, 2, 3, 4, ... എന്നു തുടങ്ങുന്ന സമാന്തര ശ്രേണിയിലെ ആദ്യത്തെ പത്ത് പദങ്ങളുടെ തുക എത്ര?

A:-55

B:-100

C:-60

D:-65

Correct Answer:- Option-A

Question57:-6 3/2 - 3 1/2 തുല്യമായത് ഏത്?

A:-3/2

B:-4

C:-1/2

D:-8

Correct Answer:- Option-B

Question58:-ഒരു ക്ലോക്കിൽ 2:15 എന്ന് സമയം കാണിക്കുന്നു. എങ്കിൽ അതിൻറെ പ്രതിബിംബം എന്തായിരിക്കും?

A:-8:45

B:-9:15

C:-9:45

D:-21:45

Correct Answer:- Option-C

Question59:-18 എന്ന സംഖ്യയുടെ 40% എത്രയാണ്?

A:-7.2

B:-6.2

C:-7

D:-9.2

Correct Answer:- Option-A

Question60:-ഒരു കോഡുഭാഷയിൽ KERALAM-ത്തിനെ MGTCNCO എന്നെഴുതിയാൽ MADRAS-നെ എങ്ങനെ എഴുതാം?

A:-OCFTCU

B:-OCTFCU

C:-OCFCTU

D:-OFCTUC

Correct Answer:- Option-A

Question61:-Three miles _____ not a long distance to walk.

A:-can

B:-will

C:-is

D:-are

Correct Answer:- Option-C

Question62:-The two friends _____ daily in the morning.

A:-work out

B:-looks after

C:-bring up

D:-falls down

Correct Answer:- Option-A

Question63:-Honesty is _____ best policy.

A:-an

B:-a

C:-the

D:-be

Correct Answer:- Option-C

Question64:-Fill in the blanks using the appropriate idiom:
When struggle comes _____.

A:-once in a blue moon

B:-change of place

C:-in a nutshell

D:-stay on your toes

Correct Answer:- Option-D

Question65:-You are a soldier, _____?

A:-isn't you?

B:-aren't you?

C:-is you?

D:-are you?

Correct Answer:- Option-B

Question66:-There is an old legend in the land mass of Egypt.
Choose the synonym of the word 'old'

A:-ancient

B:-modern

C:-new

D:-current

Correct Answer:- Option-A

Question67:-The leader spoke _____ the welfare of the people.

A:-on

B:-into

C:-with

D:-for

Correct Answer:- Option-D

Question68:-Write down the one word substitute of the phrase underlined:
The musical performance of my school won general praise.

A:-concern

B:-concert

C:-conceive

D:-concrete

Correct Answer:- Option-B

Question69:-Rewrite the Indirect speech:
"Can you help me?" The beggar asked the lady.

A:-The beggar asked the lady to help him.

B:-The beggar asked the lady that she could help him.

C:-The beggar asked the lady whether she could help him.

D:-The beggar asked the lady why she couldn't help him.

Correct Answer:- Option-C

Question70:-There are several _____ ploughing in the field.

A:-oxen

B:-oxes

C:-oxys

D:-ox

Correct Answer:- Option-A

Question71:-അനുയോജ്യമായ സ്ത്രീലിംഗ പദം കണ്ടെത്തുക.
യുവാവ്

A:-യുവത

B:-യുവാവി

C:-യുവിത

D:-യുവതി

Correct Answer:- Option-D

Question72:-'മഞ്ജീരം' എന്ന വാക്കിന് സമാനാർത്ഥ പദം എടുത്തെഴുതുക.

A:-കവിത

B:-നൂപുരം

C:-കല്ല്

D:-നദി

Correct Answer:- Option-B

Question73:-'പത്രാധിപർ' എന്ന വാക്ക് ഏത് വചനമാണ്?

A:-ബഹുവചനം

B:-പൂജക ബഹുവചനം

C:-അലിംഗ ബഹുവചനം

D:-സലിംഗ ബഹുവചനം

Correct Answer:- Option-B

Question74:-ശരിയായ പദം എടുത്തെഴുതുക.

A:-നിർച്ചരി

B:-നിർജ്ജരി

C:-നിർത്ഥരി

D:-നിർച്ചരി

Correct Answer:- Option-C

Question75:-വിപരീത പദം എഴുതുക.
ഉദയം

A:-അസ്തമയം

B:-അസ്തമനം

C:-പ്രദോഷം

D:-സന്ധ്യ

Correct Answer:- Option-A

Question76:-ഒറ്റപ്പദമെഴുതുക:
ലോകത്തെ സംബന്ധിച്ചത്

A:-അലോകം

B:-സലോകം

C:-ഭൗമികം

D:-ലൗകികം

Correct Answer:- Option-D

Question77:-'മുണ്ട് മുറുക്കുക' എന്ന മലയാളശൈലിയുടെ അർത്ഥമല്ലാത്തത് ഏതാണ്?

A:-ദാരിദ്ര്യം സഹിക്കുക

B:-ചെലവ് ചുരുക്കുക

C:-ധാരാളിയാവുക

D:-ഉള്ളത് കൊണ്ട് ജീവിക്കുക

Correct Answer:- Option-C

Question78:-പിരിച്ചെഴുതുക - മാന്തോപ്പ്

A:-മാ + തോപ്പ്

B:-മാവ് + തോപ്പ്

C:-മാത് + തോപ്പ്

D:-തോപ്പ് + മാൻ

Correct Answer:- Option-B

Question79:-'ചിത്രകല' എന്നത് ഘടകപദമാക്കുമ്പോൾ ലഭിക്കുന്നത്?

A:-ചിത്രമായ കല

B:-ചിത്രമാകുന്ന കല

C:-ചിത്രവും കലയും

D:-ചിത്രത്തിൻറെ കല

Correct Answer:- Option-A

Question80:-ചേർത്തെഴുതുക - കരി + പന

A:-കരിപന

B:-കറുപ്പന

C:-കരിപ്പന

D:-കരിമ്പന

Correct Answer:- Option-D

Question81:-SLR എന്നതിൻറെ പൂർണ്ണരൂപം എന്താണ്?

A:-സിംഗിൾ ലൈറ്റ് റിഫ്ലെക്ഷൻ

B:-സ്റ്റാൻഡേർഡ് ലെൻസ് റിഫ്ലെക്സ്

C:-സിംഗിൾ ലെൻസ് റിഫ്ലെക്സ്

D:-സ്റ്റാൻഡേർഡ് ലൈറ്റ് റിഫ്ലെക്സ്

Correct Answer:- Option-C

Question82:-പിൻ ഹോൾ ക്യാമറ ഏത് പ്രകാശ തത്വത്തെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്?

A:-പ്രകാശത്തിൻറെ അപവർത്തനം

B:-പ്രകാശത്തിൻറെ നേർരേഖാ സഞ്ചാരം

C:-പ്രകാശത്തിൻറെ വിസരണം

D:-പ്രകാശത്തിൻറെ ധ്രുവണം

Correct Answer:- Option-B

Question83:-റേഞ്ച് ഫൈൻഡർ ക്യാമറയിൽ സാധാരണയായി ഇല്ലാത്ത ഭാഗം ഏതാണ്?

A:-റിഫ്ലക്സ് മിറർ

B:-ലെൻസ്

C:-ഷട്ടർ

D:-ഫിലിം

Correct Answer:- Option-A

Question84:-പോളറോയിഡ് (Polaroid) ക്യാമറയുടെ പ്രധാന സവിശേഷത എന്താണ്?

A:-ചിത്രം കമ്പ്യൂട്ടറിലേക്ക് മാത്രം സംഭരിക്കുന്നു

B:-ഫിലിം ഉപയോഗിക്കുന്നില്ല

C:-വീഡിയോ മാത്രം പകർത്തുന്നു

D:-ചിത്രം ഉടൻ പ്രിൻറ് ചെയ്ത് ലഭിക്കുന്നു

Correct Answer:- Option-D

Question85:-നെഗറ്റീവ് ലെൻസ് എന്ന് അറിയപ്പെടുന്നത്?

A:-കോൺവെക്സ് ലെൻസ്

B:-കൺവേർജിംഗ് ലെൻസ്

C:-കോൺകേവ് ലെൻസ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question86:-ഒരു പോസിറ്റീവ് ലെൻസ് സാധാരണയായി:

A:-പ്രകാശരശ്മികളെ വികേന്ദ്രീകരിക്കുന്നു

B:-പ്രകാശരശ്മികളെ ഒരു ബിന്ദുവിലേക്ക് കേന്ദ്രീകരിക്കുന്നു

C:-പ്രകാശരശ്മികളെ പ്രതിഫലിപ്പിക്കുന്നു

D:-പ്രകാശരശ്മികളെ ആഗിരണം ചെയ്യുന്നു

Correct Answer:- Option-B

Question87:-ഒപ്റ്റിക്കൽ സെൻററും ഫോക്കൽ പോയിൻറും തമ്മിലുള്ള ദൂരം അറിയപ്പെടുന്നത് എങ്ങനെ?

A:-അപ്പർച്ചർ

B:-ഫോക്കൽ ലെങ്ത്

C:-ഇമേജ് ഡിസ്റ്റൻസ്

D:-ഒബ്ജക്ട് ഡിസ്റ്റൻസ്

Correct Answer:- Option-B

Question88:-ഒരു പോസിറ്റീവ് ലെൻസിലൂടെ കടന്നുപോയ ശേഷം സമാന്തര രശ്മികൾ സംഗമിക്കുന്ന ബിന്ദുവിനെ എന്ത് പറയുന്നു?

A:-ഓപ്റ്റിക്കൽ സെൻറർ

B:-അപ്പർച്ചർ

C:-ഇമേജ് പ്ലെയിൻ

D:-ഫോക്കൽ പോയിൻറ്

Correct Answer:- Option-D

Question89:-എല്ലാ ഡി എസ് എൽ ആർ ക്യാമറകളിലും ചില ഡിജിറ്റൽ കോംപാക്ട് ക്യാമറകളിലും കാണപ്പെടുന്നതും ഒരു ചിത്രം രചിക്കുന്നതിന് ഒരു ദൃശ്യ മാർഗം നൽകുന്നതുമായ ഘടകം ഏതാണ്?

A:-വ്യൂഫൈൻഡർ

B:-അപ്പർച്ചർ

C:-ക്യാമറ ബോഡി

D:-ഷട്ടർ

Correct Answer:- Option-A

Question90:-ക്യാമറയിലേക്ക് പ്രകാശം പ്രവേശിക്കുന്ന ഓപ്പണിംഗിൻറെ വലുപ്പം ഏത് ക്യാമറ നിയന്ത്രണമാണ് നിർണ്ണയിക്കുന്നത്?

A:-ഷട്ടർ

B:-അപ്പർച്ചർ

C:-ഐ.എസ്.ഒ.

D:-ഫോക്കസ്

Correct Answer:- Option-B

Question91:-ഒരു സാധാരണ ലെൻസിനെക്കാൾ ഫോക്കൽ ലെങ്ത് കൂടുതലുള്ള ലെൻസിനെ എന്താണ് വിളിക്കുന്നത്?

A:-വൈഡ് ആംഗിൾ ലെൻസ്

B:-സൂം ലെൻസ്

C:-ടെലിഫോട്ടോ ലെൻസ്

D:-മാക്രോ ലെൻസ്

Correct Answer:- Option-C

Question92:-ഏറ്റവും കൂടുതൽ പ്രകാശം കടത്തിവിടുന്ന ഷട്ടർ സ്പീഡ് ഏതാണ്?

A:-1/30 സെക്കൻഡ്

B:-1/60 സെക്കൻഡ്

C:-1/400 സെക്കൻഡ്

D:-1/1000 സെക്കൻഡ്

Correct Answer:- Option-A

Question93:-സ്കെയിൽ ഫോക്കസിംഗ് പ്രധാനമായും എന്തിനെ അടിസ്ഥാനമാക്കിയാണ് ക്രമീകരിക്കുന്നത്?

A:-വിഷയത്തിലേക്കുള്ള ദൂരം

B:-പ്രകാശത്തിൻറെ നിറം

C:-ഷട്ടർ സ്പീഡ്

D:-ചിത്രത്തിൻറെ റെസല്യൂഷൻ

Correct Answer:- Option-A

Question94:-താഴെപ്പറയുന്നതിൽ ഏതാണ് ഓട്ടോഫോക്കസിൻറെ പ്രധാന സവിശേഷത?

A:-ഫോട്ടോഗ്രാഫർ സ്വയം ലെൻസ് ഫോക്കസ് ചെയ്യുന്നു

B:-വിഷയത്തിൻറെ ദൂരം കണക്കാക്കി ക്യാമറ ഫോക്കസ് സ്വയം ക്രമീകരിക്കുന്നു

C:-ക്യാമറയുടെ ISO സ്വയം മാറ്റുന്നു

D:-ചിത്രം സ്വയം ക്രോപ്പ് ചെയ്യുന്നു

Correct Answer:- Option-B

Question95:-റാക്ക് ആൻഡ് പിനിയൻ ഫോക്കസിംഗ് സംവിധാനം എന്തിനാണ് ഉപയോഗിക്കുന്നത്?

A:-അപ്പർച്ചർ നിയന്ത്രിക്കാൻ

B:-ലെൻസിൻറെ സ്ഥാനം മാറ്റി ഫോക്കസ് ക്രമീകരിക്കാൻ

C:-ഷട്ടർ സ്പീഡ് നിയന്ത്രിക്കാൻ

D:-ISO ക്രമീകരിക്കാൻ

Correct Answer:- Option-B

Question96:-ഡിജിറ്റൽ ക്യാമറയിലെ 'കോൺട്രാസ്റ്റ് ഡിറ്റക്ഷൻ ഓട്ടോഫോക്കസ്'-ൻറെ ശരിയായ വിശദീകരണം ഏത്?

A:-വിഷയത്തിലേക്കുള്ള ദൂരം മാത്രം കണക്കാക്കി ഫോക്കസ് ചെയ്യുന്നു

B:-ഇമേജ് സെൻസറിൽ ലഭിക്കുന്ന കോൺട്രാസ്റ്റ് പരിശോധിച്ച് ഏറ്റവും വ്യക്തമായ ഫോക്കസ് സ്ഥാനം കണ്ടെത്തുന്നു

C:-ലെൻസിലെ മെക്കാനിക്കൽ സ്കെയിൽ ഉപയോഗിച്ച് ഫോക്കസ് ചെയ്യുന്നു

D:-ഷട്ടർ സ്പീഡിൻറെ അടിസ്ഥാനത്തിൽ ഫോക്കസ് നിർണ്ണയിക്കുന്നു

Correct Answer:- Option-B

Question97:-അടുത്തടുത്തുള്ള ഡീറ്റെയിലുകളെ വേർതിരിച്ചു രേഖപ്പെടുത്താനുള്ള ഒരു ഫിലിമിൻറെ ശേഷിയെ എന്തു വിളിക്കുന്നു?

A:-ഫിലിം സ്പീഡ്

B:-ഗ്രെയിനിനെസ്സ്

C:-റിസോൾവിംഗ് പവർ

D:-ഡെൻസിറ്റി

Correct Answer:- Option-C

Question98:-'ഫിലിം സ്പീഡ്' സാധാരണയായി ഏത് യൂണിറ്റിലാണ് രേഖപ്പെടുത്തുന്നത്?

A:-ഡി പി ഐ

B:-ഐ എസ് ഓ

C:-ഹെർട്സ്

D:-കെൽവിൻ

Correct Answer:- Option-B

Question99:-താഴെപ്പറയുന്നവയിൽ ഏതാണ് ഫിലിം ബേസുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്?

A:-ഗ്ലാസ്

B:-സെല്ലുലോസ് ട്രൈഅസറ്റേറ്റ്

C:-പേപ്പർ

D:-ജെലാറ്റിൻ

Correct Answer:- Option-B

Question100:-ഫോട്ടോഗ്രാഫിക് ഫിലിമിൻറെ പ്രകാശം സ്വീകരിക്കുന്ന പ്രധാന പാളി ഏതാണ്?

A:-ബേസ്

B:-സബ്ബിംഗ് ലെയർ

C:-പ്രൊട്ടക്ടീവ് കോട്ടിങ്

D:-ഇമൽഷൻ

Correct Answer:- Option-D